സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാള്യം: 60 ലക്കം: 157 2025 സെപ്തംബർ 23 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ജി എസ് ടി നിരക്ക് കുറച്ചത് സാധാരണക്കാരന്റെ മനസ്സറിഞ്ഞ നടപടി; ആശ്വാസത്തിൽ പൊതുജനം

ന്യൂഡൽഹി: ജി എസ് ടി നിരക്ക് കുറച്ച കേന്ദ്ര സർക്കാർ തീരുമാനത്തെ സ്വാഗതം ചെയ്യുകയാണ് എല്ലാവരും.

രാജ്യത്തെ ഇടത്തരക്കാരന്റെ മനസറിഞ്ഞ നടപടിയാണ് കേന്ദ്രത്തിന്റേത് എന്നാണ് പൊതുവിൽ ഉയരുന്ന അഭിപ്രായം. നികുതി കുറയുന്നത്തോടെ വിപണിയിൽ ഉണർവുണ്ടാകുമെന്ന പ്രതീക്ഷയിൽ ആണ് കച്ചവടക്കാർ. വാഹനം മുതൽ വസ്ത്രം വരെ പലതിനും വിലകുറയുമെന്ന ആശ്വാസത്തിലാണ് പൊതുജനങ്ങൾ.

ഗസ്സ സിറ്റിയിൽ ഇസ്രായേൽ സൈനികനെ ഹമാസ് വധിച്ചു

ഗസ്സ: ഗസ്സ സിറ്റിയിൽ മനുഷ്യക്കുരുതി നടത്താനെത്തിയ ഇസ്രായേൽ സൈനികനെ ഹമാസ് പോരാളികൾ വധിച്ചു. ഇന്നലെ നടന്ന ആക്രമണത്തിലാണ് ആംഡ് ബ്രിഗേഡിന്റെ 77-ം ബറ്റാലിയൻ കമ്പനി കമാൻഡർ മേജർ ഷഹർ നെറ്റനെൽ ബൊസാഗ്ലോ (27) കൊല്ലപ്പെട്ടത്.

തിങ്കളാഴ്ച ഗസ്സ സിറ്റിയിൽ ഇയാൾ സഞ്ചരിച്ച 77-ാമത് ബറ്റാലിയന്റെ ടാങ്കിന് നേരെ ഹമാസ് പ്രവർത്തകൻ വെടിവെക്കുകയായിരുന്നുവെന്ന് ഐഡിഎഫ് (ഇസ്രായേൽ പ്രതിരോധ സേന) അറിയിച്ചു. സാരമായി പരിക്കേറ്റ ബൊസാഗ്ലോയെ ആശുപത്രിയിലേക്ക് കൊണ്ടുപോയെങ്കിലും മരണപ്പെടുകയായിരുന്നു. കഴിഞ്ഞ ആഴ്ച ഗസ്സ സിറ്റിയിൽ ഇസ്രായേൽ മനുഷ്യക്കുരുതി ആരംഭിച്ച ശേഷം വധിക്കപ്പെടുന്ന ആദ്യ ഇസ്രായേൽ സൈനികനാണ് ഇയാൾ.

ഇന്നലെ ഗസ്സയിൽ നിന്ന് ഇസ്രായേലിലെ നഹൽ ഓസിലേക്ക് ഹമാസ് റോക്കറ്റ് തൊടുത്തുവിട്ടതായി ഇസ്രായേൽ സൈന്യം സ്ഥിരീകരിച്ചിരുന്നു. നഹൽ ഓസിലെ കമ്യൂണിറ്റിയെ ലക്ഷ്യമാക്കി ഗസ്സയിൽനിന്ന് വിക്ഷേപിച്ച റോക്കറ്റ് തകർക്കാൻ ഇന്റർസെപ്റ്റർ മിസൈൽ വിക്ഷേപിച്ചതായും ഐ.ഡി.എഫ് പ്രസ്താവനയിൽ പറഞ്ഞു.

ഗസ്സയിൽ കഴിഞ്ഞ 24 മണിക്കൂറിനിടെ സ്ത്രീകളും കുഞ്ഞുങ്ങളുമടക്കം 61 ഫലസ്തീനികളെയാണ് ഇസ്രായേൽ കൊലപ്പെടുത്തിയത്. 220 പേർക്ക് പരിക്കേറ്റു. ഗസ്സ യുദ്ധത്തിൽ ഇതുവരെ കൊല്ലപ്പെട്ട ഫലസ്തീനികൾ 65,344 ആയി. 1,66,795 പേർക്കാണ് പരിക്കേറ്റത്. ഗസ്സ സിറ്റിയിൽനിന്നും വടക്കൻ ഗസ്സയിൽനിന്നും കൂട്ടപ്പലായനം തുടരുകയാണ്.

അതിനിടെ, ലോകമെങ്ങും ഗസ്സക്ക് വേണ്ടിയും സ്വതന്ത്ര ഫലസ്തീന് വേണ്ടിയും മുറവിളി ഉയരുകയാണ്. ഫലസ്തീൻ രാഷ്ട്രത്തിന് അംഗീകാരം നൽകിയ രാജ്യങ്ങളിലും അല്ലാത്ത രാജ്യങ്ങളിലും പലസ്തീൻ ഐക്യദാർഢ്യ പ്രകടനങ്ങൾ നടക്കുന്നുണ്ട്. ഇറ്റലിയിൽ ഗസ്സ ഐക്യദാർഢ്യ പ്രകടനം റെയിൽവേ ഉൾപ്പെടെ പൊതുഗതാഗതം സ്തംഭിപ്പിച്ചു. ഇറ്റലിയിലെ 80 നഗരങ്ങളിൽ കൂറ്റൻ ഫലസ്തീൻ ഐക്യദാർഢ്യ പ്രകടനം നടന്നു. ജർമനിയിലും ജപ്പാനിലും പലസ്തീന് ഐക്യദാർഢ്യം പ്രഖ്യാപിച്ചും ഇസ്രായേൽ ക്രൂരതക്ക് എതിരായും പ്രകടനങ്ങൾ നടന്നു.

പതിനായിരങ്ങൾ അണിനിരന്ന ഇതുവരെ കാണാത്ത പ്രതിഷേധത്തിനാണ് ഇറ്റലി സാക്ഷ്യം വഹിച്ചത്. ഇറ്റലിയിലെ വിവിധ നഗരങ്ങളിൽ പ്രതിഷേധക്കാർ ട്രെയിനുകൾ തടയുകയും റോഡ് ഗതാഗതം തടസപ്പെടുത്തുകയും ചെയ്തു. തുറമുഖങ്ങൾക്ക് മുന്നിലും പ്രതിഷേധമുണ്ടായി. തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിലാണ് ഇറ്റലിയിൽ പ്രതിഷേധമുണ്ടായത്.

ഫ്രാൻസ് ഉൾപ്പടെ നിരവധി യുറോപ്യൻ രാജ്യങ്ങൾ ഫലസ്തീൻ രാഷ്ട്രത്തെ അംഗീകരിച്ചിട്ടും അതിൽ നിന്നും അകലം പാലിക്കുന്ന സമീപനമാണ് ഇറ്റലി സ്വീകരിക്കുന്നത്. ഇതും വലിയ പ്രതിഷേധം രാജ്യത്ത് ഉയരാൻ കാരണമായിരുന്നു. തിങ്കളാഴ്ച 24 മണിക്കൂർ നീളുന്ന പണിമുടക്കിനാണ് ഇറ്റലിയിൽ തൊഴിലാളി യൂണിയനുകൾ ആഹ്വാനം ചെയ്തത്. പണിമുടക്കിനിടെയുണ്ടായ സംഘർഷങ്ങൾ പൊലീസുകാർക്ക് ഉൾപ്പടെ നിരവധിപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നാണ് റിപ്പോർട്ട്. പ്രതിഷേധത്തിനിടെയുണ്ടായ അക്രമങ്ങളെ അപലപിച്ച് ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയോ മെലാനി രംഗത്തെത്തി.

ഫ്രാൻസ് ഉൾപ്പടെ ആറ് രാജ്യങ്ങൾ കൂടി ഫലസ്തീൻ രാഷ്ട്രത്തെ അംഗീകരിച്ചു. യു.എൻ പൊതുസഭയുടെ സമ്മേളനത്തിലാണ് വിവിധ രാജ്യങ്ങൾ പലസ്തീൻ രാഷ്ട്രത്തെ അംഗീകരിച്ചത്. ഫ്രാൻസിന് പുറമേ ബെൽജിയം, ലക്സംബർഗ്, മാൾട്ട, മൊണോക്കോ, അൻഡോറ തുടങ്ങിയ രാജ്യങ്ങളാണ് പലസ്തീന് അംഗീകാരം നൽകിയത്.

നേരത്തെ ആസ്ട്രേലിയ, കാനഡ, പോർച്ചുഗൽ, യു.കെ തുടങ്ങിയ രാജ്യങ്ങളും ഫലസ്തീനെ അംഗീകരിച്ചിരുന്നു. സമയം വന്നത് കൊണ്ടാണ് നമ്മൾ ഇവിടെ ഒത്തുകൂടിയിരിക്കുന്നതെന്ന് ഫ്രഞ്ച് പ്രസിഡന്റ് ഇമാനുവൽ മാക്രോൺ പറഞ്ഞു. രണ്ട് രാജ്യങ്ങളിലൂടെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുകയാണ് നമ്മുടെ ലക്ഷ്യമെന്നും മാക്രോൺ പറഞ്ഞു. ഫ്രാൻസ് പലസ്തീൻ രാഷ്ട്രത്തെ അംഗീകരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

ഇതോടെ 193 അംഗം യു.എൻ പൊതുസഭയിൽ പലസ്തീൻ രാഷ്ട്രത്തെ പിന്തുണക്കുന്ന രാജ്യങ്ങളുടെ എണ്ണം 147 ആയി ഉയർന്നു. അന്താരാഷ്ട്ര സമൂഹത്തിൽ 80 ശതമാനവും ഇപ്പോൾ പലസ്തീനെ പിന്തുണക്കുന്നുണ്ട്. ഇതോടെ ഗസ്സയിലെ വംശഹത്യ അവസാനിപ്പിക്കാൻ ഇസ്രായേലിനുമേൽ കടുത്ത നയതന്ത്ര സമ്മർദം ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഭൂട്ടാൻ വാഹനങ്ങൾ വാങ്ങിയവരെ തേടി കസ്റ്റംസ് ദുൽഖറിന്റെയും പൃഥ്വിരാജിന്റെയും വീട്ടിൽ റെയ്ഡ്

കൊച്ചി: ഭൂട്ടാൻ വഴി ആഡംബര കാറുകൾ നികുതി വെട്ടിച്ച് ഇന്ത്യയിലെത്തിച്ച് മറിച്ചുവിൽക്കുന്നുവെന്ന കണ്ടെത്തലിനെ തുടർന്ന് കസ്റ്റംസ് രാജ്യവ്യാപകമായി നടത്തുന്ന ഓപ്പറേഷൻ നുംഖൂറിന്റെ ഭാഗമായി മലയാളത്തിലെ യുവനടന്മാരായ ദുൽഖർ സൽമാൻ, പൃഥ്വിരാജ് സുകുമാരൻ എന്നിവരുടെ വീടുകളിൽ കസ്റ്റംസ് പരിശോധന നടത്തുന്നു. കൊച്ചി, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലായി 30 ഇടങ്ങളിലാണ് കസ്റ്റംസ് പരിശോധന നടത്തുന്നതെന്നാണ് റിപ്പോർട്ട്.

നടൻ പൃഥ്വിരാജിന്റെ തേവരയിലുള്ള വീട്ടിലും ദുൽഖർ സൽമാന്റെ പനംപള്ളിനഗറിലുള്ള വീട്ടിലുമാണ് പരിശോധന നടക്കുന്നത്. പൃഥ്വിരാജിന്റെ തിരുവനന്തപുരത്തെ വീട്ടിൽ കസ്റ്റംസ് ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് എത്തിയെങ്കിലും വാഹനമൊന്നും കണ്ടെത്താനായില്ല. കസ്റ്റംസിന്റെ മറ്റൊരു ടീമാണ്

കൊച്ചിയിലെ വീട്ടിൽ പരിശോധനയ്ക്ക് എത്തിയത് ഭൂട്ടാനി ഭാഷയിൽ വാഹനം എന്ന് അർഥം വരുന്ന 'നുംഖോർ' എന്ന് പേരിലാണ് ഈ ഓപ്പറേഷൻ കസ്റ്റംസ് നടത്തുന്നത്.

ഭൂട്ടാൻ പട്ടാളം ഉപയോഗിച്ചിരുന്ന വാഹനങ്ങൾ നിശ്ചിത സമയത്തിന് ശേഷം കുറഞ്ഞ വിലയിൽ ലേലം ചെയ്ത് നൽകാറുണ്ട്. ഈ വാഹനങ്ങൾ തീരുവ അടക്കാതെ രാജ്യത്തെത്തിച്ച് ഹിമാചൽപ്രദേശിൽ രജിസ്റ്റർ ചെയ്തതിന് ശേഷം ചലച്ചിത്ര താരങ്ങൾക്കടക്കം വൻ വിലയിൽ മറിച്ചുവിൽക്കുന്ന വലിയ സംഘം പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സംഘം കേരളത്തിലെ പ്രമുഖ നടന്മാർക്കും വാഹനങ്ങൾ വിൽപ്പന നടത്തിയെന്ന സൂചനകളെ തുടർന്നാണ് റെയ്ഡ്.

ഭൂട്ടാനിൽ നിന്ന് ഇന്ത്യയിലേക്ക് വാഹനങ്ങൾ എത്തിക്കുന്നതിൽ ഏതാനും ഇളവുകൾ സർക്കാർ നൽകുന്നുണ്ട്. ഈ അവസരം മുതലെടുത്ത് ആഡംബര വാഹനങ്ങൾ ഭൂട്ടാനിൽ നിന്ന് ഹിമാചൽ പ്രദേശിലെത്തിച്ച് താത്കാലിക വിലാസമുണ്ടാക്കി രജിസ്ട്രേഷൻ തരപ്പെടുത്തി, ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ എത്തിക്കുകയും ചെയ്യുന്നതായി കണ്ടെത്തിയിരുന്നു. ഇതിനായി പ്രത്യേകം ഏജന്റുമാർ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ടെന്നും റിപ്പോർട്ടുണ്ടായിരുന്നു.

ഇത്തരത്തിൽ ഇറക്കുമതി ചെയ്ത വാഹനം വാങ്ങിയിട്ടുണ്ടെന്ന സംശയത്തിന്റെ അടിസ്ഥാനത്തിലാണ് മലയാളത്തിലെ ഈ യുവനടന്മാരുടെ വീടുകളിൽ ഇപ്പോൾ പരിശോധന നടക്കുന്നത്. ഭൂട്ടാനിൽ നിന്ന് പഴയ വാഹനങ്ങൾ എന്ന പേരിലാണ് ഇന്ത്യയിൽ എത്തിക്കുന്നത്. ഇതുവഴി ലക്ഷങ്ങളുടെ നികുതി വെട്ടിക്കുന്നുണ്ടെന്നാണ് വിലയിരുത്തൽ.

ഇത്തരത്തിൽ ഭൂട്ടാനിൽ നിന്ന് വാഹനമെത്തിച്ച ആളുകളുടെ പട്ടിക കസ്റ്റംസ് ആൻഡ് പ്രിവന്റീവ് വിഭാഗം തയാറാക്കിയിരുന്നു. നടന്മാരും വ്യവസായികളും ഉൾപ്പടെയുള്ളവർ ഇത്തരത്തിലുള്ള വാഹനങ്ങൾ ഇന്ത്യയിൽ സ്വന്തമാക്കിയിട്ടുണ്ടെന്നാണ് കസ്റ്റംസ് കണ്ടെത്തിയിരിക്കുന്നത്. വാഹനം ഇന്ത്യയിൽ എത്തിച്ച് നൽകുന്ന ഡീലർമാരെ സംബന്ധിച്ചുള്ള അന്വേഷണവും കസ്റ്റംസ് നടത്തിവരുന്നുണ്ടെന്നാണ് സൂചന. കേരളാ ആൻഡ് ലക്ഷദ്വീപ് കസ്റ്റംസിന്റെ ചുമതലയുള്ള കമ്മീഷണറാണ് പരിശോധനയ്ക്ക് നേതൃത്വം നൽകുന്നത്.

ദുൽഖറിന്റെ രണ്ട് വാഹനങ്ങൾ പിടിച്ചെടുത്തു

ഓപ്പറേഷൻ നുംഖോറിന്റെ ഭാഗമായി സംസ്ഥാനത്ത് നടത്തുന്ന പരിശോധനയിൽ സൂപ്പർതാരം ദുൽഖർ സൽമാന്റെ രണ്ട് വാഹനങ്ങൾ കസ്റ്റംസ് പിടിച്ചെടുത്തു. ഡിഫൻഡറുൾപ്പെടെയുള്ള വാഹനങ്ങളാണ് പിടിച്ചെടുത്തത്. രാവിലെ മുതൽ ദുൽഖർ സൽമാന്റെ കൊച്ചി പനമ്പിള്ളി നഗറിലെ വീട്ടിലും പൃഥ്വിരാജിന്റേതേവരയിലെ വീട്ടിലും കസ്റ്റംസ് ആൻഡ് സെൻട്രൽ എക്സൈസ് സംഘം പരിശോധന നടത്തിയിരുന്നു. മമ്മൂട്ടിയുടെ എളംകുളത്തെ വീട്ടിലും സംഘം പരിശോധനയ്ക്കെത്തി.

അഞ്ചു ജില്ലകളിലായി നടത്തിയ പരിശോധനയിൽ ക്രമക്കേടുമായി ബന്ധപ്പെട്ട രേഖകൾ പിടിച്ചെടുത്തിരുന്നു. ഭൂട്ടാനിൽ നിന്നെത്തിച്ച 20 വാഹനങ്ങൾ കേരളത്തിൽ വിറ്റുവെന്നും ഇതിൽ 11 എണ്ണം കണ്ടെത്തിയെന്നുമാണ് കസ്റ്റംസ് അധികൃതർ വ്യക്തമാക്കുന്നത്.

ഇഡി ചമഞ്ഞ് തട്ടിപ്പ്, 70കാരന് 23 കോടി നഷ്ടം; ആദ്യം സമീപിച്ചത് ഒരുസ്ത്രീ, തടങ്കലിൽവെച്ച് വീഡിയോ കോൾ

ന്യൂഡൽഹി: ഡൽഹിയിൽ ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പിനിരയായി എഴുപത്തെട്ടുകാരന്റെ 23 കോടി രൂപ നഷ്ടപ്പെട്ടു. ദക്ഷിണ ഡൽഹിയിലെ ഗുൽമോഹർ പാർക്ക് സ്വദേശിയും 78-കാരനുമായ നരേഷ് മൽഹോത്രയാണ് തട്ടിപ്പിനിരയായത്. മുൻ ബാങ്ക് ഉദ്യോഗസ്ഥനായിരുന്നു. ഒരു മാസത്തിനിടെയാണ് ഇത്രയും തുക നഷ്ടപ്പെട്ടത്. ഇദ്ദേഹത്തിന്റെ ബാങ്ക്, നിക്ഷേപ വിവരങ്ങളും തട്ടിപ്പുകാർ കൈക്കലാക്കി. സംഭവത്തിൽ സയൺ പോലീസ് കേസെടുത്ത് അന്വേഷണമാരംഭിച്ചു.

കഴിഞ്ഞ ഓഗസ്റ്റിലാണ് സംഭവം. ടെലികോം കമ്പനിയിലെ ഉദ്യോഗസ്ഥയാണെന്നു പറഞ്ഞ് ഒരു സ്ത്രീ വിളിക്കുകയായിരുന്നു. നരേഷിന്റെ മൊബൈൽ നമ്പർ തട്ടിപ്പിനും നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കും ഉപയോഗിച്ചതായി സ്ത്രീ ആരോപിച്ചു. പിന്നാലെ മുംബൈ പോലീസ്, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി), സിബിഐ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരാണെന്ന് പറഞ്ഞ് പലരും വിളിച്ചു. നരേഷിനെതിരേ ഗുരുതര നടപടികൾ സ്വീകരിക്കുമെന്നും തീവ്രവാദ ഗ്രൂപ്പുകളുമായി ബന്ധമുണ്ടെന്നും ആരോപിച്ചും ഭീഷണിപ്പെടുത്തി.

വീട്ടിൽനിന്ന് പുറത്തിറങ്ങരുതെന്നും കർശന നിർദേശം നൽകി. ഓരോ രണ്ട് മണിക്കൂറിലും വീഡിയോ കോളിൽ പങ്കെടുക്കാൻ നിർബന്ധിക്കുകയും വിഷയം രഹസ്യമായി സൂക്ഷിക്കുമെന്ന് നരേഷിനെക്കൊണ്ട് സത്യവാങ്മൂലം ഒപ്പിട്ടുവാങ്ങുകയും ചെയ്തു. തുടർന്ന് കൂടുതൽ വിശ്വാസം ആർജിക്കാനായി ഒരു വ്യാജ ജാമ്യ ഉത്തരവ് അയച്ചുനൽകി. പാസ്പോർട്ട് പിടിച്ചെടുക്കുമെന്നും അന്താരാഷ്ട്ര യാത്രകൾക്ക് നിയന്ത്രണമേർപ്പെടുത്തുമെന്നും കുടുംബത്തെ ഉപദ്രവിക്കുമെന്നുവരെയും ഭീഷണിപ്പെടുത്തി.

ഇത്തരത്തിൽ ഡിജിറ്റൽ തടങ്കലിൽ നിർത്തി ഓഗസ്റ്റ് നാലുമുതൽ സെപ്റ്റംബർ നാലുവരെയായി മൂന്ന് ബാങ്ക് അക്കൗണ്ടുകളിൽനിന്നായി 23 കോടിരൂപ തട്ടിപ്പുകാർ പിൻവലിച്ചു. 20 ഇടപാടുകളിലൂടെയാണ് ഈ ഭീമമായ തുക പിൻവലിച്ചത്. കൂടാതെ ബാങ്ക്, നിക്ഷേപ വിവരങ്ങളും കൈക്കലാക്കി. കോടികൾ നഷ്ടപ്പെട്ടതിനെത്തുടർന്ന് ഇദ്ദേഹം പോലീസിനെ സമീപിക്കുകയായിരുന്നു. കേസെടുത്ത് അന്വേഷണമാരംഭിച്ച പോലീസ്, നരേഷിന്റെ ബാങ്കിൽനിന്ന് കൈമാറ്റം ചെയ്ത രണ്ടരക്കോടിയോളം രൂപ മരവിപ്പിച്ചു. കേസിൽ അന്വേഷണം തുടരുകയാണ്.

ബിജെപി കൗൺസിലർ പ്രസിഡന്റായിരുന്ന സൊസൈറ്റിയിൽ ക്രമക്കേട്

തിരു : ബി ജെ പി കൗൺസിലർ അനിൽ കുമാർ ജീവനൊടുക്കിയ സംഭവത്തിൽ കൂടുതൽ വിവരങ്ങൾ പുറത്ത്. അനിൽ കുമാർ പ്രസിഡന്റായിരുന്ന ഫാം ടൂർ സൊസൈറ്റിയിൽ ക്രമക്കേടുണ്ടെന്ന് അസി. രജിസ്ട്രാറുടെ കണ്ടെത്തൽ. സാമ്പത്തിക പ്രതിസന്ധിയുണ്ടായിരുന്നുവെന്നും സഹകരണ വകുപ്പ് അറിയിച്ചു.

സർക്കാർ ചട്ടങ്ങൾക്ക് വിരുദ്ധമായി നിക്ഷേപകർക്ക് പലിശ നൽകിയെന്നാണ് റിപ്പോർട്ടിലുള്ളത്. ഭീമമായ തുകയാണ് സൊസൈറ്റിയ്ക്ക് നഷ്ടമായത്. അനിൽ കുമാറിന്റെ മരണത്തിൽ പൂജപ്പുര പൊലീസാണ് നിലവിൽ അന്വേഷണം നടത്തുന്നത്. ഡി വൈ എസ് പി തലത്തിൽ അന്വേഷണമുണ്ടായേക്കും.

അനിൽ കുമാറിന്റെ ചില സുഹൃത്തുക്കളുടെ മൊഴി അന്വേഷണ സംഘം രേഖപ്പെടുത്തിയിട്ടുണ്ട്. സൊസൈറ്റിലെ സാമ്പത്തിക ബാദ്ധ്യത കാരണം അനിൽ കടുത്ത മാനസിക പ്രയാസത്തിലായിരുന്നെന്നും ഭക്ഷണം പോലും പലപ്പോഴും കഴിച്ചിരുന്നില്ലെന്നുമാണ് അദ്ദേഹത്തോട് അടുത്തവൃത്തങ്ങൾ പറയുന്നത്. അനിലിന്റെ ഫോൺ കോൾ വിശദാംശങ്ങളടക്കം പരിശോധിച്ചിട്ടുണ്ട്.

ദിവസങ്ങൾക്ക് മുമ്പായിരുന്നു അനിൽ കുമാർ ആത്മഹത്യ ചെയ്തത്. അദ്ദേഹത്തിന്റെ ആത്മഹത്യാക്കുറിപ്പ് നേരത്തെ പുറത്തുവന്നിരുന്നു. സാമ്പത്തിക പ്രശ്നത്തിൽ സൊസൈറ്റിയിലെ മറ്റാരും സഹായിച്ചില്ല. താനും തന്റെ കുടുംബമോ പണം ഇതിൽ നിന്നും എടുത്തിട്ടില്ല. ഇപ്പോൾ എല്ലാ കുറ്റവും തന്റെ പേരിലാണ്. അതുകൊണ്ട് ജീവിതം അവസാനിപ്പിക്കുന്നു എന്നാണ് കുറിപ്പിലുള്ളത്.

വ്യോമപരിധി ലംഘിക്കുന്ന മിസൈലോ വിമാനമോ വെടിവെച്ചിട്ടാൽ പരാതിയുമായി വരരുത്: റഷ്യയോട് പോളണ്ട്



ന്യൂയോർക്ക്: റഷ്യയുടെ എയർക്രാഫ്റ്റുകൾ തങ്ങളുടെ വ്യോമപരിധി ലംഘിച്ചാൽ വെടിവെച്ചുവീഴ്ത്തുമെന്ന മുന്നറിയിപ്പുമായി യൂറോപ്യൻ രാജ്യങ്ങൾ. റഷ്യയുടെ ഭാഗത്തുനിന്ന് ഇക്കഴിഞ്ഞ ആഴ്ചകളിൽ തുടരെത്തുടരെ വ്യോമപരിധി ലംഘനങ്ങളുണ്ടായെന്ന നാറ്റോ രാജ്യങ്ങളുടെ ആരോപണത്തിന് പിന്നാലെയാണിത്. ഐക്യരാഷ്ട്ര സംഘടനയുടെ അടിയന്തര സുരക്ഷാസമിതി യോഗത്തിലായിരുന്നു റഷ്യയ്ക്കെതിരേയുള്ള മുന്നറിയിപ്പ്.

കരുതിക്കൂട്ടിയോ അബദ്ധത്തിലോ അനുമതിയില്ലാതെ ഇനിയൊരു മിസൈലോ എയർക്രാഫ്റ്റോ ഞങ്ങളുടെ വ്യോമപരിധിക്കുള്ളിൽ പ്രവേശിക്കുകയും അത് വെടിവെച്ച് തകർക്കപ്പെട്ട് നാറ്റോയുടെ ഭൂപ്രദേശത്ത് പതിക്കുകയും ചെയ്താൽ, അതേക്കുറിച്ച് പരാതി പറയാൻ ദയവായി ഇങ്ങോട്ട് വരരുതെന്ന് പോളണ്ടിന്റെ വിദേശകാര്യമന്ത്രി റാഡോസ്ലോ സികോർസ്കി പറഞ്ഞു.

നേരത്തെ പോളണ്ട് പ്രധാനമന്ത്രി ഡൊണാൾഡ് ടസ്കും സമാനമായ അഭിപ്രായം മാധ്യമപ്രവർത്തകരോട് പങ്കുവെച്ചിരുന്നു. 'ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞങ്ങളുടെ അതിർത്തി ലംഘിക്കുകയും പോളണ്ടിനു മീതേ പറക്കുകയും ചെയ്യുന്ന വസ്തുക്കളെ ചർച്ചകൾക്ക് നിൽക്കാതെ വെടിവെച്ചിടാനുള്ള തീരുമാനം ഞങ്ങൾ കൈക്കൊള്ളും', ടസ്ക് പറഞ്ഞു.

റഷ്യയുടെ മൂന്ന് മിഗ് 31 വിമാനങ്ങൾ തങ്ങളുടെ വ്യോമപരിധി ലംഘിച്ചതായി എസ്റ്റോണിയ വെള്ളിയാഴ്ച പറഞ്ഞിരുന്നു. തുരത്തുന്നതിന് മുൻപ് 12 മിനിറ്റോളമായിരുന്നു ഇവ എസ്റ്റോണിയയുടെ വ്യോമപരിധിയിൽ തുടർന്നത്. ഈ മാസം ആദ്യം റഷ്യയുടെ ഇരുപത് ഡ്രോണുകൾ പോളണ്ടിന്റെ വ്യോമപരിധിയിൽ പ്രവേശിക്കുകയും നാറ്റോ ഇവ വെടിവെച്ചിടുകയും ചെയ്തിരുന്നു. റൊമാനിയയുടെ വ്യോമപരിധിയിലും റഷ്യൻ ഡ്രോൺ പ്രവേശിച്ച സംഭവമുണ്ടായിരുന്നു. എസ്റ്റോണിയയുടെ അഭ്യർഥന പ്രകാരം വിളിച്ചുചേർത്ത യുഎൻ യോഗത്തിൽ, റഷ്യൻ ജെറ്റുകളുടെ റഡാർ രേഖകളും ചിത്രങ്ങളും കാണിച്ചു. യുദ്ധസജ്ജമായി, മിസൈലുകളും വഹിച്ചായിരുന്നു റഷ്യൻ വിമാനങ്ങൾ എത്തിയതെന്ന് എസ്റ്റോണിയയുടെ വിദേശകാര്യമന്ത്രി മാർഗസ് സഹ്ക്ന പറഞ്ഞു.

ഡെന്മാർക്കിന്റെ വിദേശകാര്യമന്ത്രിയും റഷ്യക്കെതിരേ രൂക്ഷവിമർശനമാണ് ഉയർത്തിയത്. ശിക്ഷിക്കപ്പെടില്ലെന്ന ധൈര്യത്തിൽ യുക്രെനിലും ബാൾട്ടിക് കടലിലും കരിങ്കടലിലും കിഴക്കൻ യൂറോപ്പിലാകെയും പ്രവർത്തിക്കാമെന്നാണ് റഷ്യ കരുതുന്നതെന്നും തങ്ങളാകാം അടുത്ത ലക്ഷ്യമെന്ന ഭയത്തിലാണ് മോസ്കോയുടെ അയൽരാജ്യങ്ങളെന്നും ഡെന്മാർക്ക് വിമർശിച്ചു.

അതേസമയം, തങ്ങൾക്കെതിരേ ഉയർന്ന ആരോപണങ്ങളെയെല്ലാം റഷ്യ നിരാകരിച്ചു. തെളിവുകൾ ഹാജരാക്കുന്നതിൽ എസ്റ്റോണിയ പരാജയപ്പെട്ടെന്നും നാറ്റോ അംഗങ്ങൾ സംഘർഷം സൃഷ്ടിക്കുകയാണെന്നും റഷ്യ കൂട്ടിച്ചേർത്തു.

മെസ്സിപ്പടയ്ക്ക് എതിരാളി ഓസ്ട്രേലിയ; അർജൻറീന ടീം പ്രതിനിധി കൊച്ചിയിൽ

കൊച്ചി: അർജന്റീന ടീമിന്റെ കേരള സന്ദർശനത്തോട് അനുബന്ധിച്ച് നടക്കുന്ന സൗഹൃദ മൽസരത്തിൽ എതിരാളികൾ ഓസ്ട്രേലിയ. സന്ദർശനവുമായി ബന്ധപ്പെട്ട് ടീം പ്രതിനിധി ഹെക്ടർ ഡാനിയേൽ കബ്രേര കൊച്ചിയിൽ എത്തി. കായികമന്ത്രിയുമായി നടത്തുന്ന കൂടിക്കാഴ്ചയ്ക്ക് ശേഷം മൽസരം നടക്കാനിരിക്കുന്ന കലൂർ രാജ്യാന്തര സ്റ്റേഡിയം സന്ദർശിക്കും.

അർജൻറീന ടീം കേരളത്തിലെത്തുമ്പോൾ താമസിക്കുന്ന സ്ഥലങ്ങൾ, ഭക്ഷണം, യാത്രാ സൗകര്യങ്ങൾ എന്നിവയടക്കം കായികമന്ത്രിയുമായുള്ള കൂടിക്കാഴ്ചയിൽ ചർച്ചയാകും. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് നേരത്തെ അർജൻറീന ടീം കളിക്കാനെത്തുമെന്ന് തീരുമാനിച്ചിരുന്നത്. എന്നാൽ അസൗകര്യങ്ങളെ തുടർന്ന് വേദി കൊച്ചിയിലേക്ക് മാറ്റുകയായിരുന്നു. അണ്ടർ 17 ലോകകപ്പ് സമയത്താണ് കലൂർ രാജ്യാന്തര സ്റ്റേഡിയം ഫിഫ നിലവാരത്തിലേക്ക് ഉയർത്തിയത്. നവംബർ 15നാണ് ടീം കേരളത്തിലെത്തുക. നവംബർ 15 നും പതിനെട്ടിനും ഇടയിലാകും മൽസരം നടത്തുക.

കാണാതായ യുവതിയെ കുളത്തിൽ മരിച്ചനിലയിൽ കണ്ടെത്തി

തൃശൂർ. കഴിഞ്ഞ ദിവസം കാണാതായ വരവൂർ പിലക്കാട് ഗോവിന്ദൻ-ഉഷ ദമ്പതികളുടെ മകൾ ഗ്രീഷ്മയെ(24) കുളത്തിൽ മരിച്ചനിലയിൽ കണ്ടെത്തി. വരവൂർ മഞ്ഞചിറ കുളത്തിലാണ് മൃതദേഹം കണ്ടെത്തിയത്. ഞായറാഴ്ച രാവിലെ മുതൽ ഗ്രീഷ്മയെ കാണാതായിരുന്നു. പോലീസിൽ പരാതിയും നൽകിയിരുന്നു. തുടർന്ന് ബന്ധുക്കളും നാട്ടുകാരും ചേർന്ന് നടത്തിയ തിരച്ചിലിലാണ് കുളത്തിൽ നിന്ന് മൃതദേഹം കണ്ടെത്തിയത്. പാരാമെഡിക്കൽ വിദ്യാർഥിനിയാണ് .

മറ്റൊരാളുമായി അടുപ്പമെന്ന് സംശയം; മകൾക്കൊപ്പം ബസ് കാത്തുനിന്ന യുവതിയെ ഭർത്താവ് കുത്തിക്കൊന്നു

ബെംഗളൂരു: ബസ് സ്റ്റോപ്പിൽവെച്ച് യുവതിയെ ഭർത്താവ് കുത്തിക്കൊന്നു. ബെംഗളൂരുവിലെ കോൾസെന്റർ ജീവനക്കാരിയായ രേഖ(32)യെയാണ് ഭർത്താവ് ലോഹിതാശ്വ കൊലപ്പെടുത്തിയത്. തിങ്കളാഴ്ച രാവിലെ രേഖയുടെ 12 വയസ്സുള്ള മകളുടെ കണ്മുന്നിൽവെച്ചായിരുന്നു കൊലപാതകം.

മറ്റൊരാളുമായി രേഖയ്ക്ക് അടുപ്പമുണ്ടെന്ന സംശയമാണ് കൊലപാതകത്തിന് കാരണമായതെന്നാണ് പോലീസ്

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

സീതി സാഹിബിന്റെ പേരിലുള്ള രണ്ടാമത് അവാർഡുകൾ പ്രഖ്യാപിച്ചു

തൃശൂർ: കേരള നിയമസഭയുടെ മുൻ സ്പീക്കർ കെ.എം. സീതി സാഹിബിന്റെ പേരിലുള്ള രണ്ടാമത് അവാർഡുകൾ പ്രഖ്യാപിച്ചു. കുവൈത്ത് കെ.എം.സി.സി തൃശ്ശൂർ ജില്ലാ കമ്മിറ്റിയാണ് അവാർഡുകൾ പ്രഖ്യാപിച്ചത്.

ആരോഗ്യ മേഖലയിൽ കുവൈത്തി പൗരനായ ഡോ: മുസ്തഫ സയ്യിദ് അഹ്മദ് അൽ മൗസവി അവാർഡിന് അർഹനായി. ജീവകാരുണ്യ മേഖലയിൽ ഡോ. ബോബി ചെമ്മണ്ണൂരിനും ബിസിനസ് മേഖലയിൽ പ്രമുഖ പ്രവാസി മലയാളി സിഷോർ മുഹമ്മദ് അലിക്കും അവാർഡുകൾ ലഭിച്ചു.

മൂന്നര പതിറ്റാണ്ടായി ഖത്തറിൽ വ്യാപാര പ്രവർത്തനം നടത്തുന്ന സിഷോർ മുഹമ്മദ് അലിയുടെ സത്യ സന്ധതയും സഹജീവി സ്നേഹവും മാതൃകാപരമാണെന്ന് ജൂറി വിലയിരുത്തി. അവയവ മാറ്റിവയ്ക്കൽ കേന്ദ്രത്തിന്റെ ചെയർമാനായ ഡോ: മുസ്തഫ സയ്യിദ് കുവൈത്തിലെ അറിയപ്പെടുന്ന ആരോഗ്യ പ്രവർത്തകനാണ്.

സൗദി ജയിലിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട കോഴിക്കോട് സ്വദേശി അബ്ദുൽ റഹീമിന്റെ മോചനത്തിനായി യാചകയാത്ര നടത്തിയതടക്കമുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളാണ് ഡോ. ബോബി ചെമ്മണ്ണൂരിന് അവാർഡ് നേടിക്കൊടുത്തത്.

ഒക്ടോബർ മൂന്നിന് നടക്കുന്ന കുവൈത്ത് കെ.എം.സി.സി തൃശൂർ ജില്ല സമ്മേളനത്തിൽ പാണക്കാട് സയ്യിദ് മുനവ്വർ അലി തങ്ങൾ പുരസ്കാരങ്ങൾ സമ്മാനിക്കുമെന്ന് കുവൈത്ത് കെ.എം.സി.സി തൃശൂർ ജില്ലാ പ്രസിഡന്റ് ഹബീബുള്ള മുറ്റിച്ചൂർ, ജനറൽ സെക്രട്ടറി മുഹമ്മദലി ചെറുതുരുത്തി, ട്രഷറർ അസീസ് പാടൂർ എന്നിവർ വർത്താകുറിപ്പിൽ അറിയിച്ചു.

ഇരിങ്ങാലക്കുട സർവ്വീസ് സഹകരണ ബാങ്ക് മുൻ പ്രസിഡണ്ട് എം എസ് കൃഷ്ണകുമാർ അന്തരിച്ചു

ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുട സർവ്വീസ് സഹകരണ ബാങ്ക് മുൻ പ്രസിഡണ്ട് കാരുകുളങ്ങര മൂലയിൽ വീട്ടിൽ പരേതരായ കരുണാകരപ്പിള്ളയുടെയും തങ്കമണിഅമ്മയുടെയും മകൻ എം എസ് കൃഷ്ണകുമാർ അന്തരിച്ചു. 65 വയസ്സായിരുന്നു.

തൃശ്ശൂരിലെ സ്വകാര്യ ആശുപത്രിയിൽ ഒരാഴ്ചയായി ചികിൽസയിലായിരുന്നു. മുപ്പത് വർഷത്തോളം ബാങ്കിന്റെ സാരഥ്യം വഹിച്ച കൃഷ്ണകുമാർ കൂടൽമാണിക്യ ഉൽസവാഘോഷകമ്മിറ്റിയിൽ പ്രോഗ്രാം കമ്മിറ്റി കൺവീനർ ആയും പ്രവർത്തിച്ചിട്ടുണ്ട്. അവിവാഹിതനാണ്. മാധ്യമ പ്രവർത്തകനായ മൂലയിൽ വിജയകുമാർ സഹോദരനാണ്. സംസ്കാരം ഇന്ന് രാവിലെ പാറേമക്കാവ് ശാന്തീഘട്ടിൽ നടന്നു. രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക മേഖലകളിലെ ഒട്ടനവധി പേർ പരേതന്റെ വസതിയിലെത്തി അന്ത്യോപചാരമർപ്പിച്ചു.

ക്ഷേമ പെൻഷൻ 25 മുതൽ

ഈ മാസത്തെ സാമൂഹ്യ സുരക്ഷ, ക്ഷേമനിധി പെൻഷനുകൾ 25 മുതൽ വിതരണം ചെയ്യും. ഇതിനായി 841 കോടി അനുവദിച്ചതായി ധനമന്ത്രി കെ.എൻ ബാലഗോപാൽ. 62 ലക്ഷത്തോളം പേർക്കാണ് 1600 രൂപ വീതം ലഭിക്കുന്നത്.

സ്വർണവില വീണ്ടും റെക്കോഡിട്ടു, ഇന്ന് കൂടിയത് 920 രൂപ

തൃശൂർ: സംസ്ഥാനത്ത് സ്വർണവില വീണ്ടും റെക്കോഡിട്ടു. ഇന്ന് 83,000 രൂപക്ക് മുകളിലാണ്. ഗ്രാമിന് 115 രൂപയുടെ വർധനയാണ് ഉണ്ടായത്. ഇതോടെ ഒരു ഗ്രാം സ്വർണത്തിന്റെ വില 10,480 രൂപയായി വർധിച്ചു. പവന് 920 രൂപയുടെ വർധനവാണ് ഉണ്ടായത്. പവന്റെ വില 83,000 കടന്ന് 83,840 രൂപയായി. ആഗോള വിപണിയിലും സ്വർണവില റെക്കോഡിലാണ്. 18 കാരറ്റ് സ്വർണത്തിന്റെ വില ഗ്രാമിന് 8615 രൂപയായി ഉയർന്നു.

സ്കൂൾ ബസുകളിൽ ക്യാമറ നിർബന്ധം

തൃശൂർ : സ്കൂൾ കുട്ടികളുടെ സുരക്ഷയെ മുൻനിർത്തിയാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങളിൽ മുൻവശത്തും പുറകിലും അകത്തും ക്യാമറ വെക്കണമെന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ നിർദ്ദേശം നൽകിയിരിക്കുന്നതെന്നും പ്രസ്തുത നിർദ്ദേശം പിൻവലിക്കണമെന്ന ആവശ്യം പരിഗണിക്കാനാകില്ലെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

അഡ്വ. എ. ഡി. ബെന്നിക്ക് കർമ്മശ്രേഷ്ഠ പുരസ്കാരം സമർപ്പിച്ചു

തൃശൂർ: വ്യത്യസ്ത മേഖലകളിലെ മികവാർന്ന പ്രവർത്തനങ്ങളെ മാനിച്ച് അഡ്വ.എ.ഡി. ബെന്നിക്ക് കർമ്മശ്രേഷ്ഠ പുരസ്ക്കാരം സമർപ്പിച്ചു.കോൺഫെഡറേഷൻ ഓഫ് കൺസ്യൂമർ പ്രൊട്ടക്ഷൻ വെൽഫെയർ അസോസിയേഷൻ, എറണാകുളം അദ്ധ്യാപക ഭവനിൽ സംഘടിപിച്ച ഉപഭോക്തൃ കുടുംബ സംഗമത്തിൽ വെച്ചാണ് എറണാകുളം എം.എൽ.എ. ടി.ജെ.വിനോദ്, അഡ്വ.എ.ഡി. ബെന്നിക്ക് പുരസ്കാരം സമർപ്പിച്ചത്. ഉപഭോക്തൃ കേസുകൾ നടത്തി റെക്കോർഡിട്ടിട്ടുള്ള ബെന്നിവക്കീൽ ഉപഭോക്തൃവിദ്യാഭ്യാസരംഗത്ത് സജീവമായി ഇടപെട്ടുവരുന്നു.സാംസ്കാരികരംഗത്തും ജീവകാരുണ്യരംഗത്തും സജീവമാണ്. കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ സ്ഥാപകസെക്രട്ടറിയും ഇപ്പോഴത്തെ ഡയറക്ടറുമാണ്. ആയിരത്തിലധികം സ്പോർട്സ് ലേഖനങ്ങളും വ്യത്യസ്ത വിഷയങ്ങളെ ആസ്പദമാക്കി ആയിരത്തിലധികം വീഡിയോകളും ബെന്നിവക്കീലിന്റേതായി പ്രസിദ്ധീകൃതമായിട്ടുണ്ട്.പത്മവ്യൂഹം ഭേദിച്ച് എന്ന അഡ്വ.എ.ഡി.ബെന്നിയുടെ ജീവചരിത്രഗ്രന്ഥം പ്രശസ്തമാകുന്നു.

യോഗത്തിൽ സംഘടനാ പ്രസിഡൻറ് അനു സുനിൽകുമാർ അദ്ധ്യക്ഷത വഹിച്ചു. അഡ്വ.ഷീബ സാമുവൽ മുഖ്യ പ്രഭാഷണം നടത്തി.അഡ്വ.പി.എ.പൗരൻ ,വിൽസൻ പണ്ടാരവളപ്പിൽ കെ.സി.കാർത്തികേയൻ, എലിസബത്ത് ജോർജ്, സുനിൽകുമാർ.എൻ. എസ്എന്നിവർ പ്രസംഗിച്ചു.

കൊച്ചുവേലായുധനെ ചേർത്തു നിർത്തി സി പി ഐ എം

തൃശൂർ: കേന്ദ്ര മന്ത്രിയും തൃശൂർ എം പിയുമായ സുരേഷ് ഗോപി നിവേദനം പോലും സ്വീകരിക്കാതെ അപമാനിച്ചയച്ച ചേർപ്പ് പുള്ളിലെ കൊച്ചു വേലായുധന്റെ വീടിന് തിങ്കളാഴ്ച തറക്കല്ലിട്ടു. സിപി ഐ എം ജില്ലാ സെക്രട്ടറി കെ.വി അബ്ദുൾ ഖാദർ കല്ലിടൽ കർമ്മം നിർവ്വഹിച്ചു.

പുള്ള് ഗ്രാമത്തിലെ സാധാരണ മനുഷ്യർ ആഹ്ലാദാരവങ്ങളോടെയാണ് ചടങ്ങിൽ പങ്കെടുത്തത്. ഭരണാധികാരികളും അവരുടെ പിന്തുണക്കാരായ മേലാളന്മാരും കൊച്ചു വേലായുധനെ സുരേഷ് ഗോപി ആക്ഷേപിച്ചയച്ചപ്പോൾ ആർത്തു ചിരിക്കുകയായിരുന്നു.

തൃശൂരിലെ മനോരമയും മാതൃഭൂമിയും ഈ സംഭവം ഇതുവരെ അറിഞ്ഞിട്ടില്ല. സുരേഷ് ഗോപിയെയും അയാളുടെ പാർട്ടിയായ ബിജെപിയെയും വാഴ്ത്തുന്ന തിരക്കിൽ 'മ' കാര പത്രങ്ങൾ ഞങ്ങളൊന്നുമറിഞ്ഞില്ല എന്ന് നടിക്കുകയാണ്. ജനങ്ങൾ സി പി ഐ എംന്റെ നിലപാടിനെ ആഹ്ലാദത്തോടെയാണ് പിന്തുണയ്ക്കുന്നത്. കൊച്ചു വേലായുധനാകട്ടെ ജീവിത സ്വപ്നത്തിന്റെസാക്ഷാത്കാരം.

തുങ്കുഴിപിതാവിന്റെ ഓർമ്മയിൽ ആട്ടിൻകുട്ടിയെ സമ്മാനിച്ച് അധ്യാപകദമ്പതികൾ

കാലം ചെയ്ത തുങ്കുഴി പിതാവിന്റെ സ്നേഹബന്ധത്തിന്റെ ഓർമ്മകളുമായി തങ്ങളുടെ വിവാഹ ആശിർവദിച്ച പിതാവിനോടുള്ള സ്നേഹസൂചകമായി പിതാവിന്റെ മൃതസംസ്കാര ദിനത്തിൽ ഒരു വിദ്യാർത്ഥിക്ക് ആട്ടിൻകുട്ടിയെ സമ്മാനിച്ച് അധ്യാപക ദമ്പതികൾ സ്മരണാഞ്ജലി നടത്തി. പ്രസിദ്ധ സാഹിത്യകാരൻ കോവിലൻ പഠിച്ച കണ്ടാണശ്ശേരി എക്സൽപിയർ സ്കൂളിൽ നടന്ന ചടങ്ങിലാണ് നല്ല ഇടയന്റെ പ്രതീകമായ പിതാവിന്റെ ഓർമ്മയോടെ അധ്യാപക ദമ്പതികളായ മറ്റം സെൻറ് ഫ്രാൻസിസ് ഹയർ സെക്കൻഡറി സ്കൂൾ സംസ്കൃത അധ്യാപകനായ പി.ജെ. സ്റ്റൈജുവും 'വെസ്റ്റ് മങ്ങാട് സെന്റ് ജോസഫ് ആൻഡ് സെന്റ് സിറിൽ ഹയർ സെക്കൻഡറി സ്കൂളിലെ ഗണിത അധ്യാപികയായ അമ്പിളി പീറ്ററും ചേർന്നാണ് ആട്ടിൻകുട്ടിയെ സമ്മാനിച്ചത്.

1977 ൽ തൃശ്ശൂർ അതിരൂപതയിൽ മെത്രാപോലീത്തസ്ഥാനം ഏറ്റെടുത്ത അന്ന് മുതൽ പിതാവുമായി അടുത്ത ബന്ധം പുലർത്തുന്ന ദമ്പതികളാണ് ഇരുവരും '

പിതാവ് ഇവരുടെ ഭവനത്തിൽ നാല് തവണ സന്ദർശിക്കുകയും ഇവരുടെ വിവാഹം ആശീർവാദം തുടങ്ങി ഭവനത്തിലെ സ്നേഹസാനിധ്യമായത് ഈ കുടുംബത്തോടുള്ള പിതാവിന്റെ സ്നേഹ സൂചനകളാണ്. പിതാവിന്റെ വേർപാട് വേദനിക്കുന്നതാണെങ്കിലും പിതാവിന്റെ സ്മരണകൾ ഇനിയും നിലനിൽക്കണമെന്ന് ആശയം മുൻനിർത്തിയാണ് പിതാവിന്റെ മെത്രാഭിഷേക സുവർണ്ണ ജൂബിലി സ്മരണക്കായി കൂനംമൂച്ചി സെന്റ് ഫ്രാൻസിസ് സേവിയേഴ്സ് പള്ളിയിലെ മികച്ച മതബോധന വിദ്യാർത്ഥിക്ക് ഇവർ എൻഡോവ്മെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. നല്ല ഇടയൻ ആടുകൾക്ക് വേണ്ടി ജീവൻ ബലികഴിക്കുന്നു എന്ന് സുവിശേഷ വാക്യം നെഞ്ചേറ്റിയാണ് ഇവർ ശിവനാഥനെ ആട്ടിൻകുട്ടിയെ സമ്മാനിച്ച് പിതാവിനെ വേറിട്ട സ്മരണാഞ്ജലി നടത്തിയത്. കണ്ടാണശ്ശേരി പന്തായിൽ വീട്ടിലെ ശിവനാഥിന്റെ അമ്മ ഭാഗ്യ പ്രധാനാധ്യാപിക സി.കെ ലില്ലി,അധ്യാപകരായ ലിന എയ്ഞ്ചൽ, സജ്ന 'സാമൂഹ്യ പ്രവർത്തകനായ സലിം നാലകത്ത് അഭിഷേക് എന്നിവർ സന്നിഹിതരായിരുന്നു. വൈക്കം മുഹമ്മദ് ബഷീറിന്റെ ബാല്യകാല സഖിയിലെ കഥാപാത്രമായ പാത്തുമ്മയുടെ വേഷധാരിയായ വിദ്യാർത്ഥിനിയുടെ സാന്നിധ്യവും ഉണ്ടായിരുന്നു.

വരും കാലങ്ങളിലും പിതാവിന്റെ ഓർമ്മയ്ക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കുമെന്ന ദൃഢനിശ്ചയത്തിലാണ് ഈ അധ്യാപക ദമ്പതികൾ . കൂനംമൂച്ചി സ്വദേശികളായ അധ്യാപക ദമ്പതികൾക്ക് വിദ്യാർത്ഥികളും മക്കളുമായ അനന്യ, അമൃത, അഭിഷേക് എന്നിവർ ഇവർക്ക് പരിപൂർണ്ണ പിന്തുണയുമായി രംഗത്തുണ്ട്

മാർ ജേക്കബ്ബ് തുങ്കുഴിക്ക് ആദരാഞ്ജലി

തൃശൂർ: ദിവംഗതനായ മാർ ജേക്കബ്ബ് തുങ്കുഴി മെത്രാപ്പോലീത്തക്ക് മാർ അദ്ദായ് ശ്ലീഹ പള്ളി വികാരി റവ.റൂണോ വർഗീസ് കശീശയുടെ നേതൃത്തത്തിൽ ആദരാഞ്ജലികൾ അർപ്പിച്ച് അന്നീദ്ദ ശുശ്രൂഷകൾ നടത്തി. വൈദികരായ ആന്റണി വർഗീസ്, ബി.ഓ.തിമോത്തി, ഫ്രെഡി ഡോൺ ദേവസി, റ്റിനോജ് ജോസ്, ടെന്നി ഡേവിസ് എന്നിയവർ പങ്കെടുത്തു.

പറവട്ടാനി ചർച്ച് സ്ക്വയർ മാർ അദ്ദായ് ശ്ലീഹ പള്ളി യൂത്ത്സ് അസോസ്സിയേഷൻ, വലിയ നോമ്പ് വാരത്തിൽ നടത്തി വരുന്ന സവ്റാ സുവിശേഷ വചന പ്രഘോഷണം 1997ൽ മാർ ജേക്കബ്ബ് തുങ്കുഴി മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു. (ഫയൽ ചിത്രം)

ശ്രീ നാരായണ ഗുരു ഹൃദയങ്ങളിലെന്നും ജ്ഞാനപ്രകാശമാണ്: കരീം പന്നിത്തടം

എരുമപ്പെട്ടി : ശ്രീ നാരായണ ഗുരുവിന്റെ വചനങ്ങൾ മനുഷ്യന്റെ ഹൃദയങ്ങളിലെന്നും ജ്ഞാനപ്രകാശമായി നിലനിൽക്കുമെന്നും,മനുഷ്യൻ മനുഷ്യനായി ജീവിക്കട്ടെ എന്ന മഹാസന്ദേശം ഇന്ന് ലോകത്തിന്റെ ദിശാസൂചിയാണെന്ന് സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം അഭിപ്രായപ്പെട്ടു.

എയ്യാൽ ശ്രീ നാരായണ ഗുരുമന്ദിരത്തിൽ 98-ാമത് ശ്രീ നാരായണ സമാധി സംഗമത്തിൽ ശ്രീനാരായണ ഗുരു സന്ദേശം നൽകുകയായിരുന്നു.

ശ്രീ നാരായണ ഗുരുമന്ദിരം പ്രസിഡന്റ് എം.എ.ബാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു.

ഹൈകോർട്ട് സീനിയർ പബ്ലിക് പ്ലീഡർ അഡ്വ:സി.എസ്.ഋതിക് ഉൽഘാനം നിർവ്വഹിച്ചു.ചന്ദ്രശേഖരൻ പുതുശ്ശേരി മുഖ്യാതിഥിയും,അനീഷ് എയ്യാൽ മുഖ്യപ്രഭാഷണവും നടത്തി -ഗുരുമന്ദിരം സെക്രട്ടറി സുമന സുരേഷ്,അശോകൻ നെല്ലിക്കൽ, കെ.എസ്.ശങ്കരനാരായണൻ, എം.ജി.അശോകൻ മാസ്റ്റർ,ശുഭ ടീച്ചർ ബാബു ആചാരി,അഡ്വ : ജയപ്രകാശ്,ആവേൻ ബാലൻ,സിദ്ധാർത്ഥൻ വി.കെ.,സുജാത ജയൻ,ഗീത പ്രഭ,എ.സുകുമാരൻ എന്നിവർ പ്രസംഗിച്ചു.

പീതാംബരൻ രാരമ്പത്ത് യു ട്യൂബിൽ ധ്രുവ മ്യൂസിക് ചാനൽ വഴി റിലീസ് ചെയ്യുന്ന 16-ാമത് ആൽബം 'ഏകനായി' പുറത്തിറക്കി

കുന്നംകുളം: പീതാംബരൻ രാരമ്പത് വരികളെഴുതി ജസ്റ്റിൻ ജോർജ് സംഗീത നൽകി, ഗാനം പാടിയത് സനോജ് പെരുവല്ലൂർ, കുന്നംകുളം സിസിടിവി മാനേജിങ് ഡയറക്ടർ ടി വി ജോൺസൻ, കുന്നംകുളം മുനിസിപ്പൽ കൗൺസിലർ ലബീബ് ഹസ്സൻ എന്നിവർ ചേർന്നു. യു ട്യൂബിൽ റിലീസ് ചെയ്തു.ഒരു വായോധികന്റെ മനസ്സിൽ ഏകനായ് എന്ന് തോന്നുന്ന കുറെ ചിന്തകൾ 4 മിനിറ്റ് കൊണ്ടാണ് മനോഹരമായ ഗാനത്തിലൂടെ അവതരിപ്പിക്കുന്നത്. ജസ്റ്റിൻ ജോർജ് കഥ എഴുതി സംവിധാനം ചെയ്യുകയും അദ്ദേഹംതന്നെയാണ് /DOP/എഡിറ്റിങ്ങും നിർവഹിച്ചത്. മുമ്പ് 15മ്യൂസിക് ആൽബങ്ങളും സപ്പോർട്ട് ചെയ്ത പത്രമാധ്യമങ്ങൾക്കും സുഹൃത്ത്കൾക്കും സമർപ്പിക്കുന്നു. സർവ്വശ്രീ ജോജൻ കാഞ്ഞാണി, ജയരാജ്വാരിയർ, സത്യൻ അന്തിക്കാട്, ബാലചന്ദ്രൻ വടക്കേടത്, മണലൂർ ഗോപിനാഥ്, മുൻ സർവ്വശ്രീ ജോജൻ കാഞ്ഞാണി, ജയരാജ് വാരിയർ, സത്യൻ അന്തിക്കാട്, ബാലചന്ദ്രൻ വടക്കേടത്, മണലൂർ ഗോപിനാഥ്, മുൻ ഡിസ്ട്രിക്ട് ഗവണ്ർ ലയൺ PMJF ജെയിംസ് പോൾ വളപ്പില, ഷൈജൻ ശ്രീവത്സൻ, ലയൺസ് ഡിസ്ട്രിക്റ്റ് ഗവണർ ലയൺ PMJF ജയകൃഷ്ണൻ. ടി തുടങ്ങിയവർ മുൻ ആൽബങ്ങൾ റിലീസ് ചെയ്തിട്ടുണ്ട്. കാളിന്ദീ നദിയുടെ തീരത്തു, ശബരീശ സ്തുതി, എൻ പ്രിയങ്കരിക്കു, ശ്രീരാമഗാനസുധ, നിൻ മിഴികൾക്ക് നീലിമയോ, THE GUTTERMAN, എൻ ശബരീശൻ, മൗനരാഗം, വിരഹമാനസം, രാഗനിശാ, രാഗാമൃതം, ശബരീശ പുണ്യം, രാഗലോല, മകരപ്രഭ, വിരഹിത എന്നീ ആൽബങ്ങൾ യു ട്യൂബിൽ റിലീസ് ചെയ്തു.

ടി വി ജോൺസൺ മാസ്റ്റർ, ലബീബ് ഹസ്സൻ, ജസ്റ്റിൻ ജോർജ്, പീതംബരൻ രാരമ്പത് അപ്പുമോൻ, എസ് ജെ സുജിത് എന്നിവർ പത്രസമ്മേളനത്തിൽ സന്നിഹിതരായി

റീ ടെണ്ടർ ക്ഷണിച്ചു

മാള: ഐ സി ഡി എസ് പ്രോജക്ടിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഒരു വർഷത്തേക്ക് ഉപയോഗിക്കുന്നതിനായി പ്രതിമാസം പരമാവധി 1500 കി.മീ ദൂരം യാത്ര ചെയ്യുവാൻ കഴിയുന്ന തരത്തിലുള്ള കരാർ വാഹനം (ഡ്രൈവറുൾപ്പെടെ) കരാർ അടിസ്ഥാനത്തിൽ വാടകയ്ക്കു നൽകുവാൻ താത്പര്യമുള്ള വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മുദ്ര വെച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു.

എസ്.എൻ.ഡി.പി യോഗം മണ്ണുത്തി യൂണിയനിലെ പുഴംമ്പള്ളം ശാഖയിൽ നടന്ന ശ്രീനാരായണഗുരു സമാധി ദിനാചരണത്തിന്റെ ഉദ്ഘാടനം യൂത്ത് മൂവ്മെന്റ് സംസ്ഥാന ജോയിന്റ് സെക്രട്ടറി ചിന്തു ചന്ദ്രൻ നിർവഹിച്ചു.ശാഖാ യോഗം പ്രസിഡണ്ട് വി.എം.സുരേന്ദ്രൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ശാഖാ വനിതാ സംഘം ഭാരവാഹികളായ ഷൈലജ ചന്ദ്രൻ,ഷീജ,വിമല, വേലായുധൻ എന്നിവർ ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു.ശാഖാ യോഗം സെക്രട്ടറി ടി.കെ.ചന്ദ്രൻ സ്വാഗതവും,ശാഖാ വനിതാ സംഘം ഭാരവാഹി പത്മിനി മധുസൂതനൻ നന്ദിയും പറഞ്ഞു.

പൊതു വിദ്യാഭ്യാസ മേഖല ഇടത് സർക്കാർ തകർത്തു: ടി വി ചന്ദ്രമോഹൻ

തൃശൂർ: പൊതു വിദ്യാഭ്യാസ മേഖല ഇടത് സർക്കാർ തകർത്തുവെന്ന് യു ഡി എഫ് ജില്ലാ കൺവീനർ ടി. വി ചന്ദ്രമോഹൻ. കെ പി എസ് ടി എ സംസ്ഥാന കമ്മിറ്റി നയിക്കുന്ന വിദ്യാഭ്യാസ പരിവർത്തന സന്ദേശ റാലി മാറ്റൊലി സെപ്തംബർ 15 ന് കാസർകോട് നിന്ന് ആരംഭിച്ച് 27 ന് തിരുവനന്തപുരത്ത് എത്തുന്നു. തൃശ്ശൂരിൽ കമ്മീഷണർ ഓഫീസിനടുത്തുള്ള ഇ എം എസ് സ്ക്വയറിൽ എത്തിച്ചേർന്ന യാത്ര ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു.

KTET പേരിൽ അധ്യാപകർ ജോലിയിൽ പുറത്ത് പോകുന്ന അവസ്ഥയുണ്ടാക്കുന്നു.പൊതുമധ്യത്തിൽ അധ്യാപകരെ അപമാനിക്കുന്നു. ഭിന്നശേഷി പേരിൽ അധ്യാപകരുടെ നിയമനങ്ങൾ തടയുന്നു

യോഗത്തിൽ കോർപറേഷൻ കൗൺസിലർ സിന്ധു ചാക്കോള അധ്യക്ഷത വഹിച്ചു.ജാഥാ ക്യാപ്റ്റൻ കെ അബ്ദുൾ മജീദ്, പി കെ അരവിന്ദ്, അനിൽ വട്ടപ്പാറ എന്നിവർ പ്രസംഗിച്ചു ജില്ല പ്രസിഡന്റ് ബിജോയ് എരണേഴത്ത് സ്വാഗതവും സെബി കെ. ജെ നന്ദിയും പറഞ്ഞു.സംസ്ഥാന വൈസ് പ്രസിണ്ടൻറ് സാജു ജോർജ് മുഖ്യ പ്രഭാഷണം നടത്തി. ജയപ്രകാശ് പി കെ, ശ്രീ പദ്മനാഭൻ, മുഹമ്മദ് റാഫി, ടി എ ഷാഹിദ, വാഹിദ ബാനു എന്നിവർ സംസാരിച്ചു

വൈദ്യുതി വിഭാഗത്തെ സ്വകാര്യ മേഖലക്ക് കൈമാറാനുള്ള തീരുമാനത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് രാജൻ.ജെ.പല്ലന്റെ നേതൃത്വത്തിൽ കോൺഗ്രസ് കൗൺസിലർമാർ മേയറെ തടഞ്ഞ് വെച്ച് മുദ്രവാക്യം വിളിക്കുന്നു.

കോടതി പരസ്യം

ബഹു. തൃശൂർ മൂന്നാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ

GOP: 255/2025

തൃശൂർ താലൂക്ക് വടക്കുംമുറി വില്ലേജ് പടിഞ്ഞാറെ മുറി ദേശത്ത് കായംപ്പിള്ളി ബാബു ഭാര്യ സുമ

- ഹരജിക്കാരി

ടി ദേശത്ത് കായപ്പിള്ളി ബാബു മക്കൾ 1) മൈനർ അനാമിക 2) മൈനർ അർജ്ജുൻ കൃഷ്ണ

-മൈനർമാർ

മൈനർമാരുടെ ശരീരത്തിനും സ്വത്തിനും ജീവനും രക്ഷിതാവായി പെറ്റമ്മയായ ഹരജിക്കാരിയെ നിയമിച്ചും വടക്കുംമുറി വില്ലേജ് സർവ്വെ 932/2-8ൽ പെട്ട 6.07 ആർ വഹകളിൽ മൈനർമാർക്കുള്ള 2/3 ഓഹരി അവകാശം 11-08-25 തിയ്യതി ഉണ്ടായ കരാർ പ്രകാരം തീറ് വിൽക്കുന്നതിന് മൈനർമാർക്ക് വേണ്ടി രക്ഷിതാവ് എന്ന നിലയിൽ ഹരജിക്കാരിയെ അനുവദിച്ചും മറ്റും ഉത്തരവുണ്ടാകുന്നതിനുവേണ്ടി ബോധിപ്പിച്ച മേൽ നമ്പർ ഹരജി **10-10-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ഹരജി തീർപ്പാക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു.

എന്ന്, 20-09-2025
ഹരജിഭാഗം അഡ്വക്കേറ്റ്
പി. രഞ്ജിത്ത്കുമാർ (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ മുൻസിഫ് കോടതി മുമ്പാകെ

OS: 544/2024

NTC Nidhi Limited

-അന്യായം

Ajithkumar T.V., S/o. Velayudhan, Thoombayil House, Nellissery P.O., Thrissur

- 1-ാം പ്രതി

മേൽ നമ്പറിൽ 1-ാം പ്രതിക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച് **06-11-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 20-9-2025
അന്യായഭാഗം അഡ്വക്കേറ്റ്
Fredy Francis (ഒപ്പ്)

കോടതി പരസ്യം

ബഹു. മതിലകം ബ്ലോക്ക് ഗ്രാമ ന്യായാലയ മുമ്പാകെ

OS: 7/2025

കൊടുങ്ങല്ലൂർ താലൂക്ക് എറിയാട് വില്ലേജ് മാടവന ദേശത്ത് സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്ന ശ്രീനാരായണ ധർമ്മസഭ

-വാദി

കൊടുങ്ങല്ലൂർ താലൂക്ക് ചെന്ത്രാപ്പിന്നി വില്ലേജ് ദേശത്ത് പാച്ചാംപുള്ളി രാമൻ മകൻ രജീഷ്

-1-ാം പ്രതി

വാഗ്ദത്ത പത്രപ്രകാരം വരേണ്ടും സംഖ്യക്കും പലിശക്കും മറ്റുമായി ബോധിപ്പിച്ച മേൽ നമ്പർ അന്യായത്തിലെ 1-ാം പ്രതിക്കുള്ള സമൻസ് കോർട്ടിലും വാസസ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച് ഉത്തരവായി മേൽ നമ്പർ കേസ് **20-10-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതും മേൽ കാര്യത്തിൽ എന്തെങ്കിലും തർക്കങ്ങൾ ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് മേപ്പടി കോടതി മുമ്പാകെ നേരിട്ടോ അഡ്വക്കെറ്റ് മുഖേനയോ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ തന്നെ മേൽ നമ്പർ കേസ് തീരുമാനിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 10-9-2025
വാദി ഭാഗം അഡ്വക്കെറ്റ്
രമ്യ പി. (ഒപ്പ്)

കോടതി പരസ്യം

**ബഹു. ഇര